## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1608 06/03/2017-ൽ മറുപടിയ്ക്ക്

## ചുനക്കര, നൂറനാട് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചുനക്കര, നൂറനാട് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ചുനക്കര, നൂറനാട് പഞ്ചായത്തുകളിലെ ഓഫീസ്-കം - ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വീതം ഉൾപ്പെടുത്തി 28/02/2014-ലെ സ.ഉ.(സാധാ)നം. 593/2014/തസ്വഭവ ഉത്തരവു പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, സൗത്ത് സർക്കിൾ, തിരുവനന്തപുരം പ്രവൃത്തികൾക്ക് 95,47,000/- (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപത്തി ഏഴായിരം രൂപ) വീതം സാങ്കേതികാനുമതി നൽകിയിരുന്നു. തുടർന്ന് നടന്ന ഇ-ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ പ്രമോദ് കുമാർ.സി, വൈശ്യംപറമ്പിൽ, വാതിരപ്പള്ളി പി.ഒ., ആലപ്പുഴ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി സ്ഥലങ്ങൾ ഏറ്റെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ടി സ്ഥലത്ത് നാളിതുവരെ യാതൊരുവിധ പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഏറ്റെടുത്തപ്രവർത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാരൻ പവർ ഓഫ് അറ്റോർണിയിൽ ഏർപ്പെട്ട സിൻഡിക്കേറ്റ് ബാങ്ക് ചേർത്തല ശാഖ ലോൺ സൗകര്യം നിരസിച്ചതിനെതിരെ കരാറുകാരൻ W.P (c) No. 31226/2016 എന്ന ഹർജി ഫയൽ ചെയ്തിരുന്നു. ടി ഹർജിയിലെ 26/9/2016, 5/12/2016 എന്നീ തീയതികളിലെ |

| | | | |
|---|---|---|---|
| | | | ഇടക്കാല ഉത്തരവുകൾ പ്രകാരം മേൽ വിഷയത്തിൽ തൽസ്ഥിതി 2 മാസ കാലയളവിലേക്ക് തുടരാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ